**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3128** **01-03-2023 - ൽ മറുപടിയ്ക്ക്**

**പഴയങ്ങാടി പാലത്തിന്റെ ടെണ്ടർ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പഴയങ്ങാടി പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ? | (എ) | കണ്ണൂർ ജില്ലയിലെ പഴയങ്ങാടി പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത പ്രവൃത്തി ആദ്യമായി 20/07/2022 ൽ ടെൻഡർ ചെയ്യുകയും, സിംഗിൾ ബിഡ് ആകയാൽ 30/08/2022 ൽ റീ ടെൻഡർ ചെയ്യുകയുമുണ്ടായി. റീ ടെൻഡറിലും സിംഗിൾ ബിഡ് മാത്രമാണ് ലഭിച്ചത്. ഇതിന്റെ ടെക്നിക്കൽ ബിഡ് 22/09/2022 ന് തുറക്കുകയും 22/10/2022 ന് നടന്ന ടെക്നിക്കൽ കമ്മിറ്റിയിൽ സൂക്ഷ്മ പരിശോധന നടത്തി അംഗീകരിക്കുകയും ചെയ്തു. ഫിനാൻഷ്യൽ ബിഡ് 07/11/2022 ന് തുറക്കുകയും തുടർന്ന് 14/12/2022 ന് നടന്ന 39-ാമത് സർക്കാർ തല ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ പരിശോധിക്കുകയും പ്രവൃത്തി ഒരിക്കൽക്കൂടി ടെൻഡർ ചെയ്യുന്നതിന് കമ്മിറ്റി നിർദ്ദേശിച്ചതിനെത്തുടർന്ന് ഈ പ്രവൃത്തി 06/01/2023 ൽ റീ ടെൻഡർ ചെയ്യുകയും, ടെക്നിക്കൽ ബിഡ് 27/01/2023 ന് തുറക്കുകയും ചെയ്തു. ഈ ടെൻഡറിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും 22/02/2023 ന് നടന്ന ടെക്നിക്കൽ കമ്മിറ്റി ഈ രണ്ട് കരാറുകാരുടെയും pre-qualification അംഗീകരിച്ചതിനെത്തുടർന്ന് ഫിനാൻഷ്യൽ ബിഡ് 24.02.2023 ന് തുറക്കുകയും അത് ഇപ്പോൾ സൂക്ഷ്മ പരിശോധനാ ഘട്ടത്തിലാണ്. സർക്കാർതല ടെൻഡർ അപ്രൂവൽ കമ്മിറ്റിക്കു സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ